LIBRARY ARCHIVES Kerala Legislative Assembly

**ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി ചെലവ്**

**284 (1657)** ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി ചെലവ് എത്രയായിരുന്നു ;

(ബി) ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾക്ക് മുൻകൂട്ടി അംഗീകാരം വാങ്ങിയിട്ടും പദ്ധതി ചെലവ് കുറയാൻ ഇടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) 70% പദ്ധതി തുക ചെലവഴിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തിക വർഷം ഷോർട്ട് ഫാൾ ഇനത്തിൽ നഷ്ടപ്പെടുന്ന തുകയുടെ കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2014-15 ലെ ഗ്രാമപഞ്ചായത്തുകളുടെ വികസന ഫണ്ട് പദ്ധതി ചെലവ് 218336.42 ലക്ഷം രൂപ [67.33%] ആയിരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 14.77 കോടി രൂപയാണ് 2015-16 സാമ്പത്തിക വർഷം ഷോർട്ട് ഫാൾ ഇനത്തിൽ കുറവ് ചെയ്തിട്ടുള്ളത്.

**ഗ്രാമപഞ്ചായത്തുകൾക്ക് സ്വന്തം ഫണ്ട് കണ്ടെത്താൻ പദ്ധതി**

**285 (1658)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഗ്രാമപഞ്ചായത്തുകൾക്ക് സ്വന്തം ഫണ്ട് കണ്ടെത്തുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് നിലവിലുള്ളത് ; വിശദമാക്കാമോ ;

(ബി) ഇത്തരം മാർഗ്ഗങ്ങളില്ലാത്ത പക്ഷം ആയതിനായി എന്തെങ്കിലും വരവിനങ്ങൾ സ്വരൂപിക്കുവാൻ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗ്രാമപഞ്ചായത്ത് തനതുവരവിൽ നികുതി, നികുതിയേതര വരുമാനങ്ങൾ ഉൾപ്പെടുന്നു. കെട്ടിട നികുതി (വസ്തു നികുതി), തൊഴിൽ നികുതി, പരസ്യ നികുതി, വിനോദ നികുതി, സർവ്വീസ് നികുതി എന്നിവയാണ് നികുതി വരുമാനങ്ങൾ. രജിസ്ട്രേഷൻ ഫീസ്, പകർപ്പ് ഫീസ്, അംശദായങ്ങളും, മേലാദായങ്ങളും, പാട്ടഫീസ്, ലേലം, വാടക, പെർമിറ്റ് ഫീസ്, പിഴ, ജനന മരണ സർട്ടിഫിക്കറ്റ്, സെർച്ച് ഫീസ്, N.A.C late fees, വിവാഹ രജിസ്ട്രേഷൻ, വിവാഹ സാക്ഷ്യപത്രം, വിവാഹ രജിസ്ട്രേഷനിലെ പിഴ, പൊതുശ്മശാനങ്ങൾ, അറവുശാലകൾ എന്നിവയിൽ നിന്നും നികുതിയേതര വരുമാനങ്ങളും കണ്ടെത്താവുന്നതാണ്.

(ബി) നികുതി-നികുതിയേതര വരുമാനങ്ങൾ സ്വരൂപിക്കുന്നതിന് നിലവിൽ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**മാലിന്യ നിർമ്മാർജ്ജനത്തിന് ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ**

**286 (1659)** ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മാലിന്യനിർമ്മാർജ്ജനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ സ്ഥാപിക്കുന്നത് പരിഗണന യിലുണ്ടോ ;

(ബി) എങ്കിൽ ആയതു സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) ഉണ്ട്. 9-3-2012 ലെ സ.ഉ (സാധാ) നമ്പർ 718/2012/തസ്വഭവ പ്രകാരം ഡോ. ആർ. വി. ജി. മേനോൻ കമ്മിറ്റി റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുള്ള വിവിധ മാലിന്യ സംസ്കരണ സംവിധാനങ്ങളിൽ അപ്പാർട്ട്മെന്റ്, റസിഡൻഷ്യൽ കോളനി തലത്തിൽ ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ മെഷീൻ സ്ഥാപിക്കാമെന്നും എന്നാൽ ഇതിന്റെ കാര്യക്ഷമത നിശ്ചിത സമയം കഴിഞ്ഞ് ഒരു സ്വതന്ത്ര ഏജൻസിയെകൊണ്ട് പരിശോധിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെയടിസ്ഥാനത്തിൽ തിരുവനന്തപുരത്തും തൃശ്ശൂരും സ്ഥാപിച്ച ഓർഗാനിക് 852/2017.